PROCEEDINGS

of

THE TRAVANCORE REPRESENTATIVE BODY.

(OFFICIAL REPORT.)

FIFTH MEETING

Monday the 6th December 1948, 21st Vrischikam 1124.

The Representative Body met in the Legislative Chamber, Trivandrum, at 11 A. M. on Monday the 6th December 1948, with the Deputy President, (Mr. G. Chandrasekhara Pillai) in the Chair.

Election of the President

MR. DEPUTY PRESIDENT : ഇന്നത്തെ പരിപാടിയിൽ ആദ്യത്തെ ചടങ്ങു് അദ്ധ്യക്ഷന്റെ തെരഞ്ഞെടുപ്പാണു്. അദ്ധ്യക്ഷ സ്ഥാനത്തേക്കു് ശ്രീ. ആർ. വി. തോമസ്സു് അവർകളെ നിർദ്ദേശിച്ചു കൊണ്ടുള്ള ഒരു നാമനിർദ്ദേശപത്രിക മാത്രമേ കിട്ടിയിട്ടുള്ളൂ. നിർദ്ദേശ പത്രികയുടെ നിർദ്ദേശകൻ മി. കണ്ണറ ഗോപാലപ്പണിക്കരും, അനുവാദകൻ മി. കെ. എം. ചാണ്ടിയുമാണു്. നാമനിർദ്ദേശപത്രിക ഞാൻ പരിശോധിച്ചതിൽ അതു സാധുവാണെന്നു് കണ്ടിരിക്കുന്നു. അതുകൊണ്ടു് ശ്രീ ആർ. വി. തോമസ്സു് അവർകളെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്ത വിവരം പ്രഖ്യാപിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അദ്ദേഹത്തെ ഞാൻ അദ്ധ്യക്ഷസ്ഥാനത്തേക്കു ക്ഷണിച്ചുകൊള്ളുന്നു.

MR. A. K. PATCHU PILLAI (*Peermade General*) : സർ, അനന്തരനടപടികൾ ആരംഭിക്കുന്നതിനു മുൻപായി എനിക്കു് ഒരു സംഗതി ഇവിടുത്തെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായുണ്ടു്.

MR. DEPUTY PRESIDENT : Please sit down.

Mr. R. V. Thomas then took the Presidential Chair.

LIBRARY ARCHIVES Kerala Legislative Assembly

MR. G. CHANDRASEKHARA PILLAI : സർ, അങ്ങയുടെ അനുമതിയോടുകൂടി ഞാൻ രണ്ടുവാക്കു സംസാരിക്കണമെന്നു വിചാരിക്കുന്നു. ഈ മഹത്തായ സമിതിയുടെ പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട ഭരണഘടനാസമിതിയുടെ അദ്ധ്യക്ഷനായി അങ്ങു് ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ അങ്ങയെ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു. നാടിനും നാട്ടുകാർക്കും ക്ഷേമത്തിനും ഐശ്വര്യത്തിനും അത്യന്താപേക്ഷിതമായ ഒരു ഭരണഘടന രൂപീകരിക്കുവാൻ അധികാരപ്പെടുത്തപ്പെട്ട ഈ സമിതിയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെടുക എന്നുള്ളതിൽ കവിഞ്ഞ ഒരു ബഹുമതി ഒരു നാട്ടുകാർ ഒരു പൗരനു ചെയ്യുവാനില്ലെന്നു ഞാൻ വിചാരിക്കുന്നു. അങ്ങു് ഈ ഭരണഘടനാസമിതിയുടെ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതോടുകൂടി ഈ രാജ്യത്തിന്റെ നിയമനിർമ്മാണ സഭയുടെ അദ്ധ്യക്ഷൻകൂടിയായിത്തീരുന്നു എന്നുള്ളകാര്യം ഓർമ്മിക്കുമ്പോൾ അങ്ങയുടെ പ്രമത്തയും ഉത്തരവാദിത്വവും ശതഗുണീഭവിക്കയാണു ചെയ്യുന്നതു്. അദ്ധ്യക്ഷനായി അങ്ങയെ തിരഞ്ഞെടുത്തതിൽ ഈ ബഹുമാനപ്പെട്ട സഭയ്ക്കു അങ്ങയുടെ സ്വഭാവശുദ്ധിയിലും കാര്യക്ഷമതയിലും നിഷ്പക്ഷതയിലുമുള്ള വിശ്വാസത്തെ ഉൽഘോഷിക്കുന്നുണ്ടു്. അങ്ങയുടെ ഇതിഹാസപൂർണ്ണമുള്ള ആത്മാർത്ഥമായ പൊതുജനസേവനവും ജീവിതവും ത്യാഗസന്നദ്ധതയും ആണു് ഈ വിശ്വാസം ജനിപ്പിച്ചിട്ടുള്ളതു്.

തിരുവിതാംകൂറിലെ ജനങ്ങൾക്കു അഭിമാനകരവും സാധുജനങ്ങൾക്കു് — പോരാ, മർദ്ദിതരും, ചൂഷിതരും, വസിക്കാൻ ഗൃഹമില്ലാത്തവരും, ഉടുക്കുവാൻ വസ്ത്രമില്ലാത്തവരും, പട്ടിണിപ്പാവങ്ങളുമായ ആളുകളുടെ ഉദ്ധാരണത്തിനുതകുന്നതുമായ ഒരു ഭരണഘടന എത്രയും വേഗത്തിൽ എഴുതിയുണ്ടാക്കേണ്ടതു് ഇന്നത്തെ ദേശീയവും സർവദേശീയവുമായ പരിതഃസ്ഥിതികളിൽ അത്യന്താപേക്ഷിതമാണെന്നു ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണു്. അതിലേക്കു് നമുക്കെല്ലാവർക്കും ഒത്തൊരുമിച്ചു പ്രവർത്തിക്കാം. അതിനു് അങ്ങയുടെ നേതൃത്വം ഈ സഭയ്ക്കു് മാർഗ്ഗദർശകമായിത്തീരട്ടെ എന്നു ആശംസിക്കുന്നു. അങ്ങയ്ക്കു ഒന്നുകൂടി എന്റെ ഹാർദ്ദമായ അനുമോദനം സമർപ്പിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

MR. C. KESAVAN (*Quilon I—General*) : സർ, തിരുവിതാംകൂറിലെ സ്റ്റേറ്റുകാൺഗ്രസ്സിന്റെ പ്രതിനിധിയെന്ന നിലയിലും, പാർട്ടിഅംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിക്കുമെങ്കിൽ, പാർട്ടിയുടെ പ്രതിനിധിയെന്ന നിലയിലും ഈ സ്ഥാനത്തേക്കു് അനയിക്കപ്പെട്ടിരിയ്ക്കുന്ന അങ്ങയെ അനുമോദിക്കുന്നതിനു് എനിക്കു വളരെ സന്തോഷമുണ്ടു്. തിരുവിതാംകൂറിലെ ഒരു പൗരനു് സമ്പാദിക്കുവാൻ കഴിയുന്നതിൽ ഏറ്റവും വലിയ ഒരു സ്ഥാനമാണു് ഈ അസംബ്ലിയുടെ അദ്ധ്യക്ഷസ്ഥാനമെന്നു് ഡെപ്യൂട്ടിപ്രസിഡൻറവർകൾ ഇവിടെ പ്രസ്താവിച്ചു. ആ സ്ഥാനത്തേക്കു് അങ്ങയെ തിരഞ്ഞെടുത്തിരിക്കുന്ന അങ്ങേയ്ക്കു് സർവ്വവിധ മംഗളങ്ങളും ആശംസിക്കുന്നതിനു് കാൺഗ്രസ്സിന്റെ പേരിലും പാർട്ടിയുടെ പേരിലും എനിക്കു് അതിയായ സന്തോഷമുണ്ടു്. ഒരു പാർട്ടിയംഗമായി ഇതുവരെ തുടർന്നുകൊണ്ടിരുന്ന അങ്ങു, ഇപ്പോൾ പാർട്ടികളിൽനിന്നും ഉപരിയായി സർവപാർട്ടികൾക്കും വിശ്വസ്തമായ ഒരു സ്ഥാനത്തു് സർവസമ്മതമായി കയറ്റപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, അങ്ങു് മേലാൽചെയ്യുന്ന നടപടികളിൽ ജാതീയമായോ, വർഗ്ഗപരമായോ ഉള്ള പരിഗണനകൾ കൂടാതെ എല്ലാവർക്കും നീതി ലഭിക്കത്തക്കവിധത്തിൽ വേണ്ടതു ശ്രദ്ധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ ഇതഃപര്യന്തമുള്ള രാഷ്ട്രീയജീവിതം, അതിന്റെ ആരംഭം മുതൽ വളരെ സമീപത്തുനിന്നുതന്നെ വീക്ഷിക്കുന്നതിനും ചേർന്നു പ്രവർത്തിക്കുന്നതിനും സൗകര്യം ലഭിച്ചിട്ടുള്ള എനിക്കു് അതു നല്ലപോലെ അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അങ്ങയുടെ രാഷ്ട്രീയജീവിതത്തിലും, അങ്ങയുടെ ആത്മാർത്ഥതയിലും, ത്യാഗസന്നദ്ധതയിലും, നിഷ്പക്ഷതയിലും അർക്കും ലവലേശം സംശയമില്ല. ആ രീതിയിൽതന്നെ മേലാലും പാർട്ടികളുടെ പ്രത്യേകതകളോ, അല്ലെങ്കിൽ വർഗ്ഗീയമോ, ജാതിപരമോ ആയ കാര്യങ്ങളോ നോക്കാതെതന്നെ അങ്ങയുടെ കൃത്യം ശരിയായി നിർവ്വഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞങ്ങളുടെ പാർട്ടിയിലെ ഒരു പ്രശസ്തവ്യക്തി എന്നുള്ളനിലയിലും, കാൺഗ്രസ്സിലെ ദീർഘകാലത്തെ ആത്മാർത്ഥസേവനം നടത്തിയ ഒരാൾ എന്ന നിലയിലും അങ്ങയെ ഞാൻ അനുമോദിച്ചുകൊള്ളുന്നു. അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്ന മുമതലയും, ഉത്തരവാദിത്വവും, വിശേഷിച്ചും നിയമനിർമ്മാണസഭയിലെ ജോലികളും ഏറ്റവും അത്യാവശ്യമായിത്തീർന്നിരിക്കുന്ന കാൺസ്റ്റിറ്റ്യൂഷൻ നിർമ്മാണം സംബന്ധിച്ച ജോലികളും ഏറ്റവും ഭാരമുള്ളവയാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അവയെല്ലാം അങ്ങു് തൃപ്തികരമായി നിർവ്വഹിക്കുമെന്നു ഞങ്ങൾക്കു വിശ്വസിക്കാൻ തക്കവണ്ണം അങ്ങയുടെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾ ഞങ്ങൾക്കു ഉറപ്പുനൽകുന്നുണ്ടു്. ഒരു ചെറിയ മനുഷ്യനെങ്കിലും പ്രശസ്തനായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. Kesavan.]

അങ്ങേയുടെ സുവിധിയ ഭാവുകങ്ങളും ആശംസിക്കുന്നതിനു പാർട്ടിയുടെയും, കാൺഗ്രസ്സിന്റെയും പേരിൽ എനിക്കു കിട്ടിയ ഈ സന്ദർഭത്തിനു് ഞാൻ നന്ദിപറയുന്നു. അങ്ങേയുടെ സർവഭാവുകങ്ങളും ഉണ്ടാകട്ടെ.

Mr. P. K. KUNJU (*Karunagapalli II—Muslim*) : സർ, ഈ സഭയുടെ പ്രസിഡൻറായി അങ്ങയെ തിരഞ്ഞെടുത്തതിൽ അതിയായ സന്തോഷവും, അഭിമാനവുമാണു് ഉള്ളതു്. അങ്ങു് ഈ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു അങ്ങേയുടെ എതിരായി ഒരൊറ്റ സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശംപോലും ഉണ്ടാകാതിരുന്നു എന്നുള്ളതുതന്നെ ഈ സഭയുടെ അങ്ങയോടു തോന്നിയിട്ടുള്ള അതിരുകവിഞ്ഞ ബഹുമാനത്തെയും ആദരവിനേയുമാണു കാണിക്കുന്നതു്. ഈ സഭ എറ്റവും ഗൗരവപൂർവ്വമായി ചെയ്യേണ്ടുന്ന ഒരു സംഗതിയാണു് പ്രസിഡൻറിനെ തിരഞ്ഞെടുക്കുക എന്നുള്ളതു്. ഭൂതകാലത്തുണ്ടായിട്ടുള്ള അങ്ങയുടെ രാഷ്ട്രീയജീവിതം പരിഗണിക്കുമ്പോൾ ആർക്കും ചോദ്യം ചെയ്യുവാൻ അവകാശമില്ലാത്ത ഒരു പശ്ചാത്തലം സൃഷ്ടിച്ചുകൊണ്ടായിരുന്നു അങ്ങു് ഇതുവരെ രാഷ്ട്രസേവനം നടത്തിയിട്ടുള്ളതെന്നു് നിഷ്പക്ഷമതികരും എല്ലാവരും സമ്മതിക്കുന്നതാണു്. അങ്ങയുടെ നേതൃത്വവും, മാർഗ്ഗദർശികത്വവും, ഇപ്പോൾ ഈ സമിതി നടത്തിക്കൊണ്ടിരിക്കുന്ന ഭരണഘടനാനിർമ്മാണം എന്ന ഗൗരവതരമായ ജോലികളും എത്രയുംവേഗത്തിൽ ചെയ്തുതീർക്കുവാനും അങ്ങനെ ഈ സമിതിയുടെ രൂപീകരണത്തിന്റെ ഉദ്ദേശംതന്നെ സഫലമാക്കിത്തീർക്കുവാനും പര്യാപ്തമായിത്തീരുമെന്നാണു് എന്റെ വിശ്വാസം. ഇന്നലെവരെ അങ്ങു് ഒരു പാർട്ടിയംഗമായിരുന്നു. ഇന്നു് ഈ സ്ഥാനലബ്ധിമൂലം അങ്ങു് ഒരു പാർട്ടിരഹിതനായിത്തീർന്നിട്ടുണ്ടു്. വാസ്തവംനോക്കുമ്പോൾ ഇന്നു്, രാജ്യകാര്യങ്ങളിൽ പാർട്ടികളെക്കൊണ്ടും പാർട്ടിക്കതീതമുള്ള – പാർട്ടികളെക്കൊണ്ടും വളരെ കുഴഞ്ഞുമറിഞ്ഞു് കിടക്കുകയാണെന്നു് കാണാം. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ അങ്ങു് കക്ഷിരഹിതനായി പ്രവർത്തിക്കുവാൻ പ്രാപ്തമായിട്ടിരിക്കുന്നിടത്തോളംകാലം രാജ്യത്തു് ഒരു കക്ഷിരഹിതമായ നില ഉണ്ടാക്കുവാനുള്ള അങ്ങയുടെ പരിശ്രമം ഏറ്റവും വിജയപ്രദമായി തീരട്ടെ എന്നു് ഞാൻ ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. യാതൊരു വിധത്തിലും കക്ഷിതാല്പര്യത്തിൽ കക്ഷിയായിരിക്കുവാൻ ഇടവരുത്തുന്ന ഒരു പരിതഃസ്ഥിതിയേയും നേരിടുവാൻ അങ്ങയുടെ ഇടവരാതി

LIBRARY ARCHIVES Kerala Legislative Assembly

രിക്കട്ടെ എന്ന ഞാൻ പ്രാർത്ഥിക്കുന്നു. അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തെപ്പറ്റി അനുസ്മരിപ്പിക്കേണ്ട ആവശ്യം ഇല്ല. അതുകൊണ്ടു ഞാൻ അങ്ങയെ അനുമോദിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. P. BALAKRISHNAN THAMPI (*Mavelikara III—General*): Sir, I am very happy to congratulate you on behalf of the backbenches on your unanimous election to this high office. I want to assure you Sir, that your office is very high and is not beneath, in point of respect or public consideration, the office of the Chief Executive of the State or of the Lord Chief Justice of the State. At this moment a solemn prayer rises in my heart and that is you must not succumb to the temptation—the temptation of leaving that incomplete and accepting an office or compelling us to change the horse midstream.

All over the world democratic legislatures work on this fundamental principle that the Chair is the custodian of all the rights and responsibilities of the House. I would have normally sat silent. I do not wish to say anything which is not in consonance with the happiness of the occasion, yet, Sir, I wanted to remind you—you can understand what I mean—that it means a lot of courage in this land to resist the temptation of wishing to be followed by Secretaries and files and endless peons and receiving petitions and all that! I am proud that I have been associated with you, Sir, throughout your legislative career on the floor of this House, and as such I know that you are a gentleman completely free from uppishness and snobbery. I do not snsinuate. Therefore I am confident that so long as you sit in the Chair th-re, you will valiantly uphold the rights of all the parties or sections in this House, particularly the rights and privileges of the depressed classes—I mean the backbenchers.

With these words, I again wish you all happiness in your present office.

MR. P. S. MUHAMMED (*Muvattupuzha I—Muslim*): സർ, അങ്ങയെ അനുമോദിക്കുവാൻ ഞാൻ എഴുന്നേറ്റുനിൽക്കുന്നതു് ഒരു സ്വതന്ത്രസാമാജികൻ എന്നുള്ള നിലയിലാണു്. അങ്ങു് ഈ സഭയുടെ നായകനായിട്ടു് തിരഞ്ഞെടുക്കപ്പെട്ട. തന്മൂലം അങ്ങു് തിരുവിതാംകൂറിലെ ഒരു നാമത്തെ പൗരനായി തീർന്നിരിക്കുന്നു. ഈ മാഗ്യം ഇന്നു് അങ്ങയ്ക്കു ലഭിച്ചതിൽ തിരുവിതാംകൂർകാരായ എല്ലാവരും സന്തോഷിക്കുമെന്നുള്ളതിൽ ഞാൻ സംശയിക്കുന്നില്ല. അങ്ങയുടെ സ്വഭാവം അങ്ങനെയുള്ളതാണു്. എല്ലാവരെയും അങ്ങയിലേക്കു് ആകർഷിക്കത്തക്ക നിലയിലുള്ള ഒരു സ്വഭാവമാണു് അങ്ങേയ്ക്കു് ഇതുവരെയുണ്ടായിട്ടുള്ളതു്. എന്തെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed]

പാർട്ടിയിൽ അങ്ങു ചേർന്നിട്ടുണ്ടെങ്കിൽ തന്നെ ആ പാർട്ടിയുടെ അച്ചടക്കത്തിന് പരിപൂർണ്ണമായി വിധേയമായ ഒരു പ്രവർത്തനരീതിയാണ് അങ്ങയിൽ ഇതുവരെ കണ്ടിട്ടുള്ളത്. ഇതിനു മുൻപ് പല സന്ദർഭങ്ങളിലും, സംഘട്ടനങ്ങളും അസുഖങ്ങളും ഉണ്ടാകുമെന്നു തോന്നിപ്പോകാവുന്ന ചില സന്ദർഭങ്ങളാണ് അങ്ങളിൽ ചിലർക്കു തോന്നാതക്കവണ്ണം ഉണ്ടാക്കിയിട്ടുള്ളത്. അങ്ങനെയുള്ള ഘട്ടങ്ങളിൽപോലും വേണ്ട അച്ചടക്കത്തോടുകൂടി നീതിയുക്തമായി അങ്ങു പെരുമാറിയെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ആ നിലയിൽ നോക്കുമ്പോൾ ഈ സ്ഥാനത്തു പ്രവേശിക്കുന്നതിനുള്ള അഹ്തയും ബഹുമതിയും അങ്ങേയ്ക്കു വേണ്ടുവോളമുണ്ടെന്നു നിസ്സംശയം പറയാം. ഈ സ്ഥാനത്തു് ഇരുന്നിരുന്ന അങ്ങയുടെ മുൻഗാമി ഏറ്റവും പ്രശസ്തമായ ഒരു പാരമ്പര്യം സൃഷ്ടിച്ചിട്ടുണ്ട്. ആ പാരമ്പര്യത്തിനു് അനുകൂലമായ നില ഒരു കക്ഷിരഹിതനായ പ്രസിഡന്റെന്ന നിലയിൽ സൃഷ്ടിക്കുന്നതിനു് പര്യാപ്തമായവിധത്തിൽ അങ്ങു ഈ സഭാനടപടികളെ നിയന്ത്രിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. P. S. NATARAJA PILLAI (*Trivandrum V—General*): Mr. President Sir, I wish you all success in your high office. It has been said that the office you have assumed today is the highest in the land and is in the gift of the citizens of this State. We have been called together to frame a democratic constitution for Travancore and you have been called today to preside over our deliberations and in the discharge of that duty, I hope you will keep the best traditions of your high office as the President or the Speaker of democratic Assemblies. Sir, we are all aware of the necessity which are and has forced us to elect a President for the second time for this Body. Whatever the causes may be, I think it is regrettable — I say it is regrettable because the highest office in the land had to be changed before the incumbent has discharged his duty which he undertook to do. Sir, I request you to realise the traditions of the high office you hold to day and not to step down from that high pedestal in quest of power or prestige. I would only remind you, Sir, that you are today representing the 65 lakhs of people and I request you that in the discharge of your duty, you should be impartial in your dealings with all groups in this House and you are not in any sense to be influenced by the powers that be or by any section of this House. You must mete out even justice to every section in this House and between every member and you are under no liability whatsoever, to the powers that be. We have been called together by a Statute to frame a constitution for Travancore and in guiding us you should keep the fact in mind that you are entrusted with the authority to guide our deliberations, and in so doing, you are not under the dictates of anybody in the land. With these words I wish you all success.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. K. CHELLAPPAN PILLAI : സർ, ഇന്നത്തെ ഈ സമ്മേളനത്തിൽ — അങ്ങയെ അനുമോദിക്കുന്നതിനുള്ള മെമ്പറന്മാരുടെ കൂട്ടത്തിൽ ഈ ഹൗസു മുഴുവനും അങ്ങനെ ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ഞാനും ഉൾപ്പെട്ടുകൊള്ളുന്നു. അങ്ങനെ ചില വ്യക്തിപരമായ പരിഗണനകൊണ്ടുമാത്രമല്ല, അങ്ങയെ ഈ സ്ഥാനത്തേക്ക് അവരോധിച്ചുകൊണ്ട് നിർദ്ദേശം നടത്തിയ അഭിപ്രായങ്ങളിൽപ്പെട്ട് ചില സേവനങ്ങൾ ചെയ്യാൻ എനിക്കു ലഭിച്ചിട്ടുള്ള സന്ദർഭത്തിൽനിന്നും ഈ സ്ഥാനം — ചുമതലയോടുകൂടി വഹിക്കാൻ അങ്ങേക്ക് യഥാർത്ഥമായ കഴിവുണ്ടെന്നുള്ളതു് എനിക്ക് ബോദ്ധ്യം വന്നിട്ടുള്ളതുകൊണ്ടും ആണ്.

സർ, ഈ ഒരു സംബ്ലിയുടെ പ്രസിഡന്റ് എന്നു പറഞ്ഞാൽ അതിനേക്കാൾ കവിഞ്ഞ ഒരു സ്ഥാനം ഈ രാജ്യത്തു് മറൊന്നുമില്ല. ലോകത്തുള്ള ജനായത്തപാർലമെന്റുകളുടെ പ്രസിഡന്റ് സ്ഥാനത്തോടൊപ്പം മഹത്വമുള്ള ഒരു സ്ഥാനമാണ് ഇതു്. ഇംഗ്ലണ്ടിലെ പാരമ്പര്യം എന്താണെന്നു് നോക്കുക. അവിടെ സ്പീക്കർ ആയിട്ട് ഒരാളെ അവരോധിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന് ആ സ്ഥാനത്തിരിക്കാൻ കഴിയാതിരിക്കുന്നതുവരെ, അല്ലാത്ത പക്ഷം മരിക്കുന്നതുവരെ ആ വ്യക്തിയെത്തന്നെ പ്രസിഡന്റായി തെരഞ്ഞെടുക്കുന്ന പതിവാണുള്ളതു്. എന്തെന്നാൽ ഒരു ചീഫ് ജസ്റ്റീസിനെക്കാളും ഉയർന്ന ഒരു സ്ഥാനമാണ് അദ്ദേഹത്തിനുള്ളതു്. അദ്ദേഹം ഒരു പാർട്ടിയുടേയും പ്രവർത്തനത്തിൽ വിധേയനാകാതിരിക്കുമെന്നുള്ളതു് നിശ്ചയമാണ്. ഏതെങ്കിലും ഒരു പാർട്ടിയിൽനിന്നും ഒരാളെ പ്രസിഡന്റായി തെരഞ്ഞെടുക്കുമ്പോൾ അടുത്ത സ്പീക്കറെത്തന്നെ പിന്നെയും പ്രസിഡന്റായി തെരഞ്ഞെടുക്കുക എന്നുള്ളതു് അവിടത്തെ ഒരു സാധാരണ ആവശ്യവും മര്യാദയുമായി വന്നിട്ടുണ്ട്. ഒരു ചീഫ് ജസ്റ്റീസ് എങ്ങനെ ആണോ ഏതുപാർശകാരുടേയോ മറ്റു പ്രലോഭനങ്ങൾക്കോ ഒരു പാർട്ടിതാല്പര്യങ്ങൾക്കോ വിധേയനാകാതെ സൂക്ഷിക്കപ്പെടുന്നതു്, അതേ ജാഗ്രതയിലും അധികാരത്തിലും ശക്തിയിലും സൂക്ഷിക്കപ്പെടേണ്ട ഒരു സ്ഥാനമാണ് ജനായത്ത പാർലമെന്ററി നടപടികളെ തുടർന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലെ നിയമസഭാ പ്രസിഡന്റിനുള്ളതും. ആ സ്ഥാനത്തിന് ഉണ്ടായിട്ടുള്ള ഒരു പാരമ്പര്യത്തിന് വിധേയമായി സൃഷ്ടിച്ചിട്ടുള്ള ഇവിടത്തെ ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai]

പരിതഃസ്ഥിതിയെക്കുടി—വിശേഷിച്ച് അതു പറയുന്നതു് എന്റെ കടമയാണെന്നുള്ള ഒരു ബോദ്ധ്യം എനിക്കുള്ളതുകൊണ്ടാണു —നിലനിറുത്തികൊണ്ടു പോകേണ്ടതു് ഏറ്റവും അത്യന്താപേക്ഷിതമായ ഒരു കാര്യമാണു. യഥാർത്ഥത്തിൽ അങ്ങേയ്ക്കു് അർഹതയുള്ളതും വഹിക്കേണ്ടതുമായ സ്ഥാനത്തിൽനിന്നും കുറഞ്ഞ ഒരു പദവിയിലേക്കു് അല്ലയോ അങ്ങയെ അവരോധിച്ചിരിക്കുന്നതു്, എന്നു ഞാൻ സംശയിക്കുന്നു. അങ്ങേക്കു് കിട്ടേണ്ടതായ സ്ഥാനം ഇതിലും എത്രയോ മഹത്തരമാണു്. മറന്നാനു പറയാനുള്ളതു് ഒരു പ്രസിഡൻറു് മന്ത്രി പദത്തിൽനിന്നും താഴ്ന്നതിനുള്ള വിചാരഗതി ഉണ്ടാകുന്നതുതന്നെ നിശ്ചയമായിട്ടും. ഇവിടത്തെ പാർട്ടിയുടെ താല്പര്യങ്ങളും അവകാശങ്ങളും സുരക്ഷിതമാക്കാൻ സാധിക്കുകയില്ലെന്നുള്ള വിവരം ഈ അവസരത്തിൽ അങ്ങയെക്കുടി ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഇംഗ്ലണ്ടിലേയും മറ്റും പാരമ്പര്യം മനസ്സിലാക്കി കക്ഷിരഹിതമായ ഒരു മനോഭാവത്തോടുകുടി അങ്ങു് പ്രസിഡൻറു് സ്ഥാനം അലങ്കരിക്കുമെന്നു് ഞാൻ വിശ്വസിക്കയും അതിനായിട്ടു് പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

MR. K. S. JOSEPH: (*Thiruvalla VI—General*) Mr. President I congratulate you for having been exalted to this high office, I mean the President of the Representative Body. I would here remind you that you have been elected primarily as the President of the Representative Body and in that capacity you are also, by virtue of Statute, raised to be the President of the Legislative Assembly too Therefore, the primary office to which you have been raised is that of the President of this Representative Body. We have been associated with you for the last 12 years in the political work and we know the sincerity with which you conducted that work. Whatever work you have taken, you have been wholeheartedly doing it and I feel sure that you will be doing the work that is entrusted to you in this high office with as high and selfless devotion as you did in the political field.

May I remind this House at this moment that the President of the Indian Constituent Assembly did not hesitate to give up that high office when the services of the country demanded that he should take up the Ministership He did take up the Ministership, and when it was found that others could take that place, he was allowed to go back from the Ministry and occupy again the office of the President of the Constituent Assembly. Similarly, Sir, I would certainly request you that if the best interest of the country demand that you should go to the Ministry, you would not, hesitate to give up that highest office in the land, namely the President-ship of the Constituent Assembly and take up any service which this country demands of you. I congratulate you once again.

LIBRARY ARCHIVES Kerala Legislative Assembly

MR. A. RAMASUBRAHMANIA KARAYALAR (*Shencotta General*) : தலைவர்களே, ஜனப்பிரதிநிதிசபைக்கும், சட்டசபைக்கும் போட்டியின்றி, சர்வ சம்மதமாக தலைவராகத் தேர்ந்தெடுத்த ஸ்ரீ R. V. தாமஸ் அவர்களை மிகவும் சந்தோஷத்துடன் பாராட்டுகிறேன். ஜனப்பிரதிநிதிசபைக்குத் தலைவர் என்பது சாமான்யமான ஸ்தானம் அல்ல. மிகவும் மகத்தான பொறுப்புகளும், கடமைகளையும் கொண்ட ஒரு அரும் பெரும் பதவி. இந்தப் பதவியை வகிப்பதற்குள்ள அறிவும், ஆற்றலும தங்களுக்குண்டு என்பதை எனக்கு முன்னால் பேசின அன்பர்கள் எடுத்துக் கூறினர்கள். இந்தப் பதவியானது Lord Chief Justice க்குச் சமமான அந்தஸ்துடையது என்று கூறினால் மிகையாகாது. 65 லக்ஷம் ஜனங்களைக் கொண்ட திருவிதாங்கூர் சமஸ்தானம் முழுவதற்கும் தாங்கள் தலைமை வகித்து, கஷிபேதமற்று, ஜாதிமதபேதமில்லாமல், எல்லா வகுப்பினர்களுக்கும் நீதி வழங்குவீர்களென்பது என்னுடைய முழு நம்பிக்கை. திருவிதாங்கூர் மக்களுக்கும், திருவிதாங்கூருக்கும் ஒரு மகத்தான நல்ல பெயரை உண்டாக்குவீர்களென்றும் ஜனநாயகக் கொள்கைகளுக்கும், பாரம்பரைக்கும் நற்பெயரையும், புகழையும் நாட்டுவீர்களென்றும் நம்புகிறேன். தங்களுக்கு நல்ல ஆரோக்கியத்தையும், அறிவு ஆற்றலையும் நிஷ்பக்ஷபாதமாக நடத்தும் மனோதிடத்தையும் ஆண்டவன் அருள வேண்டுமென்று பிரார்த்தனை செய்கிறேன். மறுமுறையும் என்னுடைய மனமுவந்த பாராட்டு.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*) : Sir. the country's destiny, withhistorical past is awaiting the shapingat the hands of this august Assembly and that you are topresideover that Assebly is an honourthat can be conferred on a citizen. It is indeed the highest honour. Iam not now up to congratulate you on your personal qualification for the place but I wish to invite your attention to one fact namely, that we are tasting the first sweets of democracy and as such there is every likelihood of getting intoxicated by the firstsweet and it is the President's privilege to control the democraticAssembly from running riot. That is the point I wish to invite your attention to. It is true that your predecessor has established a tradition worthy of his position and he has with great generosity and magnanimity given up that position to meet the needs of the country and has also given another opportunity to one of his compeers to honour that position. That has established a precedent, no doubt a tradition, worthy to be followed, This is not the first time that this Assembly had been honoured by a worthy President. We have had traditions of the past, of the historical world and we have established a tradition in Travancore also. I wish you all success and hope that you will continue that tradition.

MR. ABDUL AZIZ (*Trivandrum I—Muslim*) : സർ, തിരുവിതാംകൂറിലെ ഒരു പൌരൻ് ലഭിക്കാവുന്നതിൽ ഏറ്റവും വലിയ സ്ഥാനത്തേയ്ക്ക് അവരോധിക്കപ്പെട്ടിരിക്കുന്ന അങ്ങയേ അനുമോദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. അങ്ങേയ്ക്ക് വപ്പുമായിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abdul Aziz]

സ്ഥാനത്തിന്റെ ഔന്നത്യമനുസരിച്ചുതന്നെ അതിൽ അന്തർലീനിച്ചിരിക്കുന്ന ചുമതലകളുടെ ഗൗരവവും ഗുരുതരമായിട്ടുള്ളതാണ്. ഈ ചുമതലകൾ നിർവഹിക്കുന്ന കാര്യത്തിൽ, എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങേയ്ക്കു ഈ സഭയുടെ സമ്പൂർണ്ണമായ സഹകരണം ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. ഇന്നു മുതൽ കക്ഷിരഹിതനായിത്തീർന്നിരിക്കുന്ന അങ്ങയ്ക്ക് ഈ നാട്ടിന്റെ പൊതുവേയുള്ള ക്ഷേമൈശ്വര്യങ്ങളേയും പുരോഗമനത്തേയും കണക്കാക്കി നിസ്പക്ഷമായ സേവനം അനുഷ്ഠിക്കുവാൻ സാധിക്കുമെന്നുള്ളതിൽ ഈ ഹൗസിലെ മെമ്പറന്മാർക്ക് അഭിപ്രായവ്യത്യാസമില്ലെന്നതന്നെ. ഭരണഘടനാനിർമ്മാണം നിർവ്വഹിക്കുന്നതിനുള്ള ചുമതലയാണ് ഈ സഭയുടെ ജോലി എങ്കിലും, അതിനനുസരണമായി ഈ സഭയുടെ നടപടികൾ നിയന്ത്രിക്കുന്നതിനു പുറമേ, ഈ നാട്ടിലെ ഭരണചക്രം തിരിക്കുന്നതിന് ആവശ്യമായിട്ടുള്ള നിയമനിർമ്മാണം നിർവഹിക്കുന്ന സഭയിലെ അദ്ധ്യക്ഷൻകൂടി ആയിട്ടുള്ള അങ്ങയുടെ ചുമതല ഭീമമാണിരിക്കുന്നു. ഈ രണ്ടുതരത്തിലുള്ള അങ്ങയുടെ ചുമതലകൾ എന്തും കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകാനുള്ള പ്രാഗൽഭ്യവും അങ്ങേയ്ക്കുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനു് ഏറ്റവും ധീരവും പ്രശസ്തവുമായ ഒരു പാരമ്പര്യം അങ്ങയുടെ മുൻഗാമി സൃഷ്ടിച്ചിട്ടുമുണ്ട്. ഇന്നാട്ടിൽ ഒരു ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ, നിർഭാഗ്യകരമോ ഭാഗ്യപ്രദമോ ആയിട്ടുണ്ടായ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്ന മഹനീയ ചുമതല മാതൃകാപരമായി അങ്ങു് ധീരമായി നിർവഹിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി, ഈ ഹൗസിലേ മെമ്പറന്മാർ അനുമോദനങ്ങൾ നടത്തിയതോടൊപ്പം, ഞാൻ ഒരു സ്വതന്ത്രമെമ്പർ എന്നുള്ള നിലയിൽ എന്റെ അനുമോദനം രേഖപ്പെടുത്തിക്കൊള്ളുന്നു.

MR. A K. PATCHU PILLAI : വ്യക്തിപരമായും ഈ ഹൗസിലെ കക്ഷിയെന്നുള്ള നിലയിലും അങ്ങയെ, ഈ സ്ഥാനലബ്ധിയിൽ അനുമോദിക്കുന്നതിനാണ് ഞാൻ ഇപ്പോൾ എഴുന്നേറ്റു നിൽക്കുന്നതു്. അങ്ങയേ ഞാൻ കഴിഞ്ഞ പതിമൂന്നു പതിന്നാലു കൊല്ലങ്ങളായി അടുത്തറിയുന്ന വ്യക്തിപരമായ നിലയിൽ എനിക്ക് അങ്ങയെപ്പറ്റി വളരെ സ്നേഹവും ബഹുമാനവും ഉണ്ട്. അങ്ങയുടെ ഭാരമേറിയ ഇന്നത്തെ ചുമതലകൾ നിർവഹിക്കുന്നതിന് ഈ സഭയുടെ എല്ലാ വിഭാഗങ്ങളിലുംപെട്ട വ്യക്തികളുടേയും സൌഹാർദ്ദപൂർണ്ണമായ സഹകരണം ആവശ്യമാണെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അങ്ങയുടെ സ്വന്തനിലയിൽ അങ്ങയെ

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുനപക്ഷം യാതൊരു വിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾക്കും ഇടകൊടുക്കാതെ കക്ഷിക്കതീതമായി നിന്നുകൊണ്ട് ഈ ഭാരമേറിയ ചുമതല നിർവഹിക്കുന്നതിനു് അങ്ങേയ്ക്കു് സാധിക്കുമെന്നു് എനിക്കു് വിശ്വാസമുണ്ടു്. യാതൊരു വിഭാഗങ്ങളും, വ്യക്തികളും, ഈ മാതിരിയുള്ള കൃത്യനിർവഹണത്തിൽനിന്നും അങ്ങയെ വ്യതിചലിപ്പിക്കുന്നതിനു സമ്മതിക്കരുതെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഞാൻ ഇരുന്നു കൊള്ളുന്നു.

MR. KRISHNAN AIYYPPAN(*Shertalai III – General*,): സർ, പ്രസിഡണ്ടു സ്ഥാനത്തേക്കു് അങ്ങു തിരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു. അങ്ങു് ജനിച്ച നാട്ടിനും സമുദായത്തിനും അങ്ങു് അവലംബിക്കുന്ന മതത്തിന്റെയുൽക്കർഷത്തിനുംവേണ്ടി വളരെ ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നയാളാണു് അങ്ങു് എന്നു് ഞാൻ കരുതുന്നു. അതു് ആവശ്യമാണെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അങ്ങു് ഡൽഹിയിൽപോയിരുന്ന അവസരത്തിൽ അവിടെ അങ്ങു് ചില്ലാതല്ലാം പ്രവർത്തിച്ചതായി ഞാൻ പേപ്പറുകളിൽ കാണുന്നതിനിടയായി. ഇന്നത്തെ തെരഞ്ഞെടുപ്പിൽനിന്നും അങ്ങേയ്ക്കു് സിദ്ധിച്ച ഈ സ്ഥാനത്തുനിന്നുകൊണ്ടു പാർട്ടി ചിന്തകൾക്കു അതീതനായും, മറ്റു പ്രേരണകൾക്കു് വശംവദനാകാതെയും പ്രവർത്തിക്കാനും അങ്ങേയ്ക്കു കഴിയുമെന്നു തെളിയിക്കുന്നതിനു് ലഭിച്ചിരിക്കുന്ന ഈ സന്ദർഭം വിസ്മരിക്കത്തക്കതല്ല. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. വിവാഹാവസരത്തിൽ ദമ്പതികളെ ആശംസിക്കുന്ന ഒരു പതിവുണ്ടു്. ദമ്പതികളോടു് ആശംസാരൂപത്തിൽ ദമ്പതികളേ! നിങ്ങൾ ഇപ്പോൾ, ഇതുവരെയുള്ള ജീവിതഘട്ടത്തിൽനിന്നു് വ്യത്യസ്തപ്പെട്ട ഗൃഹസ്ഥാശ്രമത്തിലേക്കു് കാൽ വച്ചുകഴിക്കുകയാണു്. ഇതിലുള്ള നിങ്ങളുടെ ജീവിതം വളരെ ചുമതലയേറിയതും ഭയാനകവുമാണു്. എന്നൊക്കെ പറഞ്ഞു്, സന്തോഷത്തോടും ഉല്ലാസത്തോടും ഇരിക്കുന്ന ദമ്പതികളെ വിഷമിപ്പിക്കുന്ന ഒരു പതിവുണ്ടു്. വിവാഹദിവസംപോലെ ഒരു അന്ധകാരമായ വേറൊരു ദിവസം ആകെ ഉണ്ടാകുന്നില്ലെന്നാണു് എന്റെ അഭിപ്രായം. അതിനുള്ള ചുമതലകളും അതു കഴിഞ്ഞുള്ള ചുമതലകളും എന്തെല്ലാമാണെന്നു് അറിവാൻ പാടില്ലാത്തതുകൊണ്ടു് ഒരുപക്ഷേ ഉണ്ടായിരിക്കുമോ എന്നു് എനിക്കു് സംശയമുണ്ടു്. അതുപോലെതന്നെ അസംബ്ലിയുടെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടതുകൊണ്ടു് ആ സ്ഥാനത്തിനുള്ള ചുമതലയും ഉത്തരവാദിത്വവും തീർച്ചയായും അറിയാമായിരിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Krishnan Aiyyappan]

അങ്ങ് ആ സ്ഥാനം അലങ്കരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി അങ്ങേയ്ക്ക് സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

HON'BLE MR. V. O. MARKOSE : ഈ സഭയുടെ പ്രസിഡൻറായും അതോടൊപ്പംതന്നെ തിരുവിതാംകൂർ നിയമസമിതിയുടെ അദ്ധ്യക്ഷനായും ഈ സഭ ഐകകണ്ഠ്യേന തെരഞ്ഞെടുത്തതിൽ അങ്ങയെ ഹാർദ്ദമായി അനുമോദിച്ചുകൊള്ളട്ടെ. അങ്ങയുടെ ഗുണഗണങ്ങളെ സംബന്ധിച്ചും ഈ മഹിമയേറിയ സ്ഥാനം കൃത്യനിർവ്വഹണത്തോടുകൂടി നിർവഹിക്കുന്നതിന് അങ്ങേയ്ക്കുള്ള യോഗ്യതയെ സംബന്ധിച്ചും ഇന്നു പലേ ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അക്കാര്യങ്ങളിലേക്ക് പ്രവേശിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങയെ ഈ സഭയുടെ അദ്ധ്യക്ഷനായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തതു് ആ സ്ഥാനത്തിനനുയോജ്യമായ കൃത്യങ്ങൾ നിർവഹിക്കുന്നതിന് അങ്ങേയ്ക്ക് പൂർണ്ണമായ യോഗ്യതയുണ്ടെന്ന് ഈ സഭ സമ്മതിച്ചിട്ടുണ്ടെന്നുള്ളതിനു് പ്രത്യക്ഷമായ തെളിവാണു്. ജനാധിപത്യഭരണം നിലവിലിരിക്കുന്ന രാജ്യങ്ങളിലേ നിയമസഭയുടെ പാരമ്പര്യത്തെ സംബന്ധിച്ച് ഇന്നു് ചില അഭിമാനപ്പെട്ട മെമ്പറന്മാർ സംസാരിക്കുകയുണ്ടായി. എന്നാൽ എല്ലാ രാജ്യങ്ങളിലും അതായതു് ജനാധിപത്യഭരണം നിലവിലിരിക്കുന്ന എല്ലാ രാജ്യങ്ങളിലും അതതു് രാജ്യത്തേ നിയമസഭയുടെ പാരമ്പര്യം ഒരുപോലെയല്ലെന്നുള്ളതും നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. ഇൻഡ്യയിലുണ്ടായിട്ടുള്ള കാൺസ്റ്റിറ്റുവെൻറ് അസംബ്ലിയിലും ഇക്കഴിഞ്ഞ കുറേക്കാലങ്ങളിലായുണ്ടായിട്ടുള്ള സംഭവവികാസങ്ങളും നമുക്കറിയാവുന്നതാണല്ലോ. ലോകത്തിലെ "മദർ ഓഫ് പാർലമെൻറ്" എന്നറിയപ്പെടുന്ന ഇംഗ്ലണ്ടിനേ സംബന്ധിച്ച് കുറേമുമ്പ് പറഞ്ഞ അഭിപ്രായം ശരിയല്ലെന്ന് പറയുന്നതിനു ഞാൻ മടിക്കുന്നില്ല. ഇവിടത്തെ നടപടിയും അവിടത്തെ നടപടിയും തമ്മിൽ തന്നെ വളരെ വ്യത്യാസമുണ്ട്. ഇംഗ്ലണ്ടിൽ തന്നെയും എല്ലാക്കാലത്തും ഒരുപോലെ കക്ഷിരഹിതനായ ഒരു പ്രസിഡൻറല്ല എല്ലാ നിയമസഭകളിലും ഇരുന്നിട്ടുള്ളതു്. കക്ഷിരഹിതനായ ഒരു സ്പീക്കർ വളരെ വർഷം സ്പീക്കറായി തുടർന്നതായി അറിയാവുന്നതാണു്. എന്നാൽ അവിടത്തെ സ്പീക്കർ റിസൈൻ ചെയ്തിട്ട് പ്രൈമിനിസ്റ്ററായിട്ടുള്ള സംഗതിയും നമുക്കറിയാവുന്നതാണു്. അതിനുശേഷം കക്ഷിരഹിതനായിട്ടുള്ള പ്രസിഡൻറ് ആവശ്യമുള്ളപ്പോൾ അവിടെയും

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ രീതിയിൽ പ്രസിഡൻറായി തുടൻ എന്നും വരാം. എന്നാൽ അങ്ങയുടെ മുൻഗാമി ഈ സഭയുടെ പ്രസിഡൻറായിട്ട് തെരഞ്ഞെടുത്ത സമയത്തു് അദ്ദേഹം മന്ത്രിസഭയിൽ പ്രവേശിക്കണമെന്ന് എല്ലാവക്കും ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹം രാജ്യത്തിൻെറ വിളി മറുവിധത്തിൽ സേവനം ചെയ്യുന്നതിനാണെന്ന് കണ്ടപ്പോൾ ഈ മഹൽസ്ഥാനത്തു് നിന്ന് വിരമിച്ചിട്ട് രാജ്യത്തിൻെറ വിളി അനുസരിച്ച് പ്രവത്തിക്കുന്നതിന് സന്നദ്ധമായതു് മറ്റൊരു വിധത്തിലും കുറവ് പറയുന്നതിനു നിവൃത്തിയില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ വക കാര്യങ്ങളേ സംബന്ധിച്ച് ഇന്ന് ഇവിടെ സംസാരിച്ചതിൽ അങ്ങയെ സംബന്ധിച്ച് വലിയ കാര്യം ഉണ്ടായിരുന്നുവെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്തായാലും അങ്ങയെ സംബന്ധിച്ചിടത്തോളം അങ്ങയുടെ പ്രവത്തനത്തിന് ഈവക കാര്യങ്ങൾ ഒരുവിധത്തിലും തടസ്സമായിരിക്കയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയ്ക്ക് സകല ഭാവുകങ്ങളും ആശംസിച്ചു കൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. G. RAMACHANDRAN (*Neyyatlinkara—General*): Listening to the almost universal chorus of tributes paid to you, Sir I thought for a moment that, it would be totally unnecessary to add my quota of tribute to you on your election as President of the Assembly. Unfortunately, Sir, speakers, under the guise of congratulating you, have been airing their views on very controversial matters; and if my friend, the hon'ble Minister Mr. Markos had not entered the lists in that controversy, I would have continued to keep silent today. The controversy seems to be, Sir, not on any matter relating to your election as President but on extraneous matters. I think members from both the sides who were party to bringing in such a controversy on this occasion have lowered the traditions of Parliamentary etiquette. It is quite easy, Sir. for one, on the pretext of congratulating someone to say something and somebody else to say something quite contrary making the occasion a point of controversy. But I should like to say that I deeply regret that that kind of thing has happened to day. If at all I congratulate you Sir, I will simply congratulate you and leave it there. But that has not been possible. The office to which you have been elected, every body has said, is an office of high importance. That goes without saying. Your immediate predecessor in office has set up excellant traditions as President of the Assembly; and it will be very difficult not only for you, Sir, it would be very difficult for any one to keep up to those traditions which your predecessor maintained. At very difficult points of debate he kept his equanimity and guided the celebrations of the House in a super manner. It is, therefore, up to you, Sir, to keep up those traditions. As we proceed, we shall have much conflicts of opinion and even conflicts

LIBRARY ARCHIVES Kerala Legislative Assembly

[Mr G. Ramachandran]

of conduct—when twenty people jumping on to their feet will clamour to be heard at the same moment. On such occasions your predecessor dealt with all the individual members with commendable equanimity to the satisfaction of the House. Without myself omitting the mistake of entering up on any controversy, I wish you the best of luck in the new place which you are adorning.

MR. N. DANIEL JOSE (*Neyyattinkara III—S I. U. C.*): I know very well, Sir, that you are there mainly because of the qualities of your head and heart. In this unfortunate country of ours rampant with communalism, class hatred etc., I feel, Sir, that you are the man best suited to guide the destinies of this country. In wishing you success, I may state that you may also be not compelled to give up this office due to political necessity and political pressure. I wish, Sir, you be allowed to continue in this office till the Constitution is drafted for Travancore which can then keep abreast of times. Sir, I again congratulate you.

MR. PRESIDENT : എന്റെ പ്രസംഗം തുടങ്ങുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. മലയാളത്തിൽ പറയണമെന്നാണ് ഞാൻ ഉദ്ദേശിച്ചിരുന്നത്. എങ്കിലും ഞാൻ ഇംഗ്ലീഷിൽ തയാറാക്കിയ പ്രസംഗം തർജ്ജിമചെയ്യുന്നതിന് സമയമതർപ്പെടുത്താൽ സാധിക്കാതെ വന്നിരിക്കുന്നതുകൊണ്ട് ഞാൻ ഇംഗ്ലീഷിൽതന്നെ പ്രസംഗിക്കാമെന്ന് വിചാരിക്കുന്നു. അതു ക്ഷമിക്കണമെന്നപേക്ഷിക്കുന്നു.

Honourable Deputy President and Honourable Members of the Representative Body.

I thank you all very much for the great honour you have conferred upon me by electing me as the President of this august body and for the kind words of felicitations and promises of co-operation expressed.

I feel particularly honoured because I am chosen to guide and control the deliberations of this body which is engaged in framing a constitution for our State as an integral part of the Great Indian Union.

We are passing through a momentous period in history. Forces cannot be ignored. In the midst of the forces of disruption as evidenced in China, Palestine, Greece and such other countries the major world force is moving towards unity. Under the able leadership and guidance of our great leader Pandit Jawaharlal Nehru we can hope that the Commonwealth concept will take shape and help in realising our ultimate ideal of a world federation. India is a mighty unit of great potentialities. She is working up the same idea of unity within her own boundaries. The episode of Hyderabad and Kashmir cannot alter its course. A United India is being rapidly shaped, our representatives also are there and the work is being done in Delhi at a very rapid speed. In a few months time

LIBRARY ARCHIVES Kerala Legislative Assembly

the constitution of India will be finalised and the structure of a united India will rise up before the eyes of the world. As a unit of that structure we are bound to fit into it in proper place and time.

I avail of this opportunity to thank His Highness for granting us full political freedom. In this he has shown great statesmanship and breadth of vision as he has shown in many other epoch-making proclamations which will go down into history.

I take this opportunity to appeal to all the members of this Assembly and through them to all sections of the people not to allow communal bitterness and class hatred to lengthen their dark shadows over the fair face of our beloved land. Let the divine sparks of patriotism in us blow up into bright flames and light up the country. Let us pull together and endeavour to create peace and contentment. Let us strive to be a worthy unit in the front rank of the units of the Great Indian Union which is destined to lead Asia and the world in the path of peace and freedom. Let us follow the ideals of Mahatma Gandhi, the father of the nation who has laid down his life in the cause of peace and communal harmony. He loved Travancore and its people in a special way and helped us with particular partiality in our historic struggle for freedom. Let every Travancorean keep a corner of his heart for him.

Until now it was our privilege to be guided by Hon'ble Sri. A.J. John who by his eminent qualities and great capacities has already chalked out for us a correct course of conduct and proceedings. Sri. John enjoyed your full confidence and co-operation. I hope the same co-operation will be extended to me also.

The remembrance of those who stood with us in the long drawn out fight for freedom, particularly those who have fallen in the fray come crowding into my memory. Let us not forget the great ideals for which they have laid down their lives the ideal of peace contentment and democracy.

I hope with God's grace and your co-operation I will be able to discharge the duties of this office with satisfaction to all.

I thank you all once again.

ADMISSION OF VISITORS.

MR. A. K. PATCHU PILLAI: I want a ruling from the Chair in regard to the communication dated the 1st December 1948 from the Secretary of the Chamber declaring that not more than two visitors' tickets will be issued to each member. I say that it is illegal, ultravires and unconstitutional and it is an encroachment on the rights and privileges of the members of this House. In the letter it is stated "I am directed to inform you that from the experience of the last two sessions of the Assembly in the matter of admitting visitors to the galleries of the Legislative Chamber it has become necessary to introduce some restrictions in this regard. The following procedure has been approved in this matter and it will be brought into effect from the forth-coming session."

LIBRARY ARCHIVES Kerala Legislative Assembly